വനഭൂമി കൈയേറ്റം

19(*225) ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു. എസ് . ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര വനഭൂമി കൈയേറ്റങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട് ;

(ബി) ഇക്കാലത്ത് എത്ര ഹെക്ടർ വനഭൂമിയാണ് കൈയേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വനം കൈയേറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) '156' വനഭൂമി കൈയേറ്റങ്ങൾ കണ്ട് പിടിച്ചിട്ടുണ്ട്.

(ബി) 158.9955 ഹെക്ടർ വനഭൂമിയിൽ ഇക്കാലത്ത് കൈയേറ്റശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

(സി) കൈയേറ്റശ്രമങ്ങൾ കണ്ടെത്തി ഉടനടി തടയുകയും കൈയേറ്റക്കാർക്കെതിരെ നിലവിലുള്ള വനനിയമം അനുസരിച്ച് കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണു സംരക്ഷണ പദ്ധതി

20(*226) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് മണ്ണുസംരക്ഷണം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) മണ്ണുസംരക്ഷണം പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയിരുന്ന വാട്ടർഷെഡ് പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly